പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*142 | 31.01.2018 ൽ മറുപടിയ്ക്ക്

## വൈഗ അന്തർദ്ദേശീയ ശില്പശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക സംസ്കരണത്തിനും മൂല്യ വർദ്ധനവിനുമുള്ള വൈഗ അന്തർദ്ദേശീയ ശില്പശാലയിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ വിശദമാക്കുമോ; | എ) കേരളത്തിലെ പ്രധാന കാർഷിക വിളയായ നാളികേരം, വാഴപ്പഴം എന്നിവയ്ക്ക് പുറമേ തേൻ, ചെറുധാന്യങ്ങൾ എന്നിവയുടെ ഉത്പാദനത്തിന്റെ 35% മെങ്കിലും മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്ന പദ്ധതികൾ ആവിഷ്കരിക്കുക. ഇതിനായി ഉത്പാദിപ്പിക്കുന്ന കർഷകർക്ക് പങ്കാളിത്തമുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക. ഇതിലൂടെ കർഷകരുടെ ഉത്പന്നങ്ങൾക്ക് സുസ്ഥിരമായ വില ലഭിക്കുമെന്ന് ഉറപ്പുണ്ടാക്കുക. പുതിയ തലമുറയെ കാർഷികാധിഷ്ഠിത സംരംഭങ്ങളിലേക്ക് ആകർഷിക്കുക. ഇതിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടെയും വിദഗ്ധരുടെയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുക, ഗവേഷണ സ്ഥാപനങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, ദേശീയ- അന്തർദേശീയ ഗവേഷണ കേന്ദ്രങ്ങളുമായി സഹകരണം ശക്തിപ്പെടുത്തി സാങ്കേതിക വിദ്യ ശാക്തീകരിക്കുക, മൂല്യവർദ്ധനവിന് ഊന്നൽ നൽകി, കർഷകരെ ഗ്രൂപ്പുകൾ ആയും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായും രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാന്റിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക ക്ലിയറൻസ് സർക്കാർ തലത്തിൽ നയം രൂപീകരിക്കുക, |

SFAC, SAMETI, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിംഗ് എന്നിവ ശാക്തീകരിക്കുക, നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷി മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ് വൈഗ അന്തർദേശീയ ശില്പശാലയിൽ ഉരുത്തിരുഞ്ഞു വന്ന ആശയങ്ങൾ.

ബി) ശില്പശാലയിൽ ഉയർന്നു വന്ന ആശയങ്ങളിൽ നടപ്പിലാക്കിയത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

ബി) 2016 ഡിസംബറിൽ തിരുവനന്തപുരത്ത് വൈഗ സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 1575 ലക്ഷം രൂപയുടെ പദ്ധതികൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരെ കൂടുതലായി കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണ രംഗത്തേക്ക് ആകർഷിക്കുന്നതിനും ഇതിനായി പദ്ധതി ചെലവിന്റെ 50% പരമാവധി 50 ലക്ഷം രൂപവരെ ഒരു സംരംഭത്തിന് വായ്പ ബന്ധിത ധനസഹായമായും നൽകി വരുന്നു. തൃശ്ശൂർ ജില്ലയിൽ വച്ച് നടത്തിയ വൈഗ ഡിസംബർ 2017- ൽ ഉയർന്നു വന്ന ആശയങ്ങളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

സി) കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവ് എന്ന ലക്ഷ്യം നേടുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളും സംവിധാനങ്ങളും സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

സി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് എന്ന ലക്ഷ്യം നേടുന്നതിന് ആദ്യ ഘട്ടം എന്ന നിലയിൽ ഈ സാമ്പത്തിക വർഷം 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് കൂത്താളി ഫാമിലും, മലപ്പുറം ജില്ലയിൽ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും, ബനാന- ഹണി അഗ്രോ പാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും, മാംഗോ അഗ്രോപാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും, വെജിറ്റബിൾ അഗ്രോപാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലുമാണ് സ്ഥാപിക്കുന്നത്. ഇതിന്റെ നടപടികൾ Kerala

Agro Industries Corporation- ന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. ഇതിലേക്കായി KAICO 100 കോടി രൂപയുടെ പ്രൊപ്പോസൽ KIIFB- യിൽ സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**